കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-167/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ – 688011

ഫോൺ : 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

തീയതി. 28.01.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്ത് 2018 -19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-167/2020 തീയതി: 28.01.2020

# ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.12.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ. ജി<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.12.2019 മുതൽ 07.01.2020 വരെ | ശ്രീമതി സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി സിന്ധ്യ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഉണ്ണിക്യഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | |
|---|---|
| അഡ്വ.വിബിൻ. സി. ബാബു | 01.04.2018 മുതൽ 11.12.2018 വരെ |
| ശ്രീമതി റ്റി. ശ്രീകുമാരി | 12.12.2018 മുതൽ 27.12.2018 വരെ |
| ശ്രീ.ആർ.ആനന്ദൻ | 28.12.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | |
|---|---|
| ശ്രീ. രതീഷ്.ആർ.ദാസ് | 01.04.2018 മുതൽ 22.01.2019 വരെ |
| ശ്രീ.ആർ.രമണൻ, സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-01-19 (AN) മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി എൻ. സോമലത | 01.04.2018 മുതൽ 23.07.2018 വരെ |
| | | ശ്രീമതി റ്റി.ശ്രീകുമാരി | 24.07.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ.അജയൻ അമ്മാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി അംബുജാക്ഷി ടീച്ചർ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി ടി.ശ്രീകുമാരി | 01.04.2017 മുതൽ 06.07.2018 വരെ |
| | | ശ്രീമതി ഇന്ദു സന്തോഷ് | 07.07.2018 മുതൽ 31.03.2019 വരെ |

**4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| ഉദ്യോഗ പേര് | ഉദ്യോഗസ്ഥരുടെ പേര് | കാലയളവ് |
|---|---|---|
| എ.ഡി.എ | ശ്രീ.പി.കെ.അനിൽ കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| എസ്.സി.ഡി.ഒ | ശ്രീമതി മിനി.ആർ | 01.04.2018 മുതൽ 14.07.2018 വരെ |
| | ശ്രീമതി മിനി എബ്രഹാം | 15.07.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി ഗ്രേസി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ആശിഷ്.ബി | 01.04.2018 മുതൽ 11.06.2018 വരെ |
| | ഡോ.ഷമീർ സിദ്ധിക്ക് | 12.06.2018 മുതൽ 13.11.2018 വരെ |
| | ഡോ.സുരേഷ് കുമാർ | 13.11.2018 (AN) മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി സുജിതാ രവി | 01.04.2018 മുതൽ 23.07.2018 FN വരെ |
| | ശ്രീ.പെന്റാലിയോൺ കെ.ജെ | 23.07.2018 AN മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അഞ്ജു. ആർ | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീമതി.രേഖ.ജി.രവീന്ദ്രൻ | 29.06.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വി.ആർ.അശ്വതി | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | 1-1 | ബജറ്റ് |

| | | |
|---|---|---|
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ഫണ്ട് ലാപ്സാകുന്നത് സംബന്ധിച്ച് |
| 10 | 1-10 | മേലാദായം -ലേലനടപടികൾ ഫലപ്രാപ്തിയിലെത്തിയില്ല |
| 11 | 1-11 | ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| 12 | 1-12 | വാടക വരവ് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ |
| 13 | 1-13 | പദ്ധതി രൂപീകരണത്തിനായി മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല- പദ്ധതി രൂപീകരണത്തിനും മോണിട്ടറിംഗിനുമായി പ്രോജക്റ്റ് പ്രകാരവും ചെലവ്- മുൻകൂർ തിരിച്ചടക്കേണ്ടതാണ് |
| 14 | 1-14 | ഗ്രാമപഞ്ചായത്തുകൾ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല |
| 15 | 1-15 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഒറിജിനൽ രസീത് ഇല്ലാതെ റീഫണ്ട് നൽകുന്നു |
| 16 | 1-16 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| 17 | 1-17 | ലാബ് ഹൈടെക് ആക്കൽ പദ്ധതി - 95568/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല |
| 18 | 1-18 | നോൺറോഡ് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം - കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിക്കാതെ പ്രവൃത്തികൾ നടത്തുന്നു |
| 19 | 1-19 | മരാമത്ത് പ്രവർത്തികൾ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും എൻജിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെയും നടപ്പിലാക്കുന്നു |
| 20 | 1-20 | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് സംബന്ധിച്ച് |
| 21 | 1-21 | കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ ഉറപ്പിച്ച് കരാർ നൽകി |
| 22 | 1-22 | വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തനുവദിച്ച വികസനഫണ്ടിൽ വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 23 | 1-23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത വൃദ്ധസദനത്തിനായി ഫർണീച്ചർ വാങ്ങൽ – ചെലവ് തടസ്സപ്പെടുത്തുന്നു. |
| 25 | 1-25 | 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികൾ – ജനോപകാരപ്രദമാകാതെ ശേഷിക്കുന്നു. |
| ഭാഗം – 2 | | |
| ഇല്ല | | |
| | | |

| | | |
|---|---|---|
| ഭാഗം – 2 | | |
| ഇല്ല | | |
| 26 | 4-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 27 | 4-2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 30 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 31 | 4-6 | സ്ഥിരനിക്ഷേപം |
| 32 | 4-7 | ഓഡിറ്റ് റിക്കവറി |
| 33 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 34 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 35 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 37 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 38 | അനുബന്ധം.2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

**2018-2019 വർഷത്തെ ബജറ്റ് 13.03.2018 തീയതിയിലെ I-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.**

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 74,94,52,080 | 749202080 |
| വാർഷിക കണക്ക് പ്രകാരം | 6,51,53,023 | 7,09,65,312 |

വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടുകൂടി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.05.2019 | 25.05.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06-01-2020 | കെ.എസ്.എ-എ.എൽ.പി-ബി.പി-167/2020 |

ഓഡിറ്റിനൊപ്പമാണ് വാർഷിക കണക്കുകൾ പരിശോധിച്ചത്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37114304 |
| വരവ് | 6,51,53,023 |
| ആകെ | 10,22,67,327 |
| ചെലവ് | 7,09,65,312 |
| നീക്കിയിരിപ്പ് | 3,13,02,015 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 4,48,63,000 | 4,48,63,000 | 37714913 | 7148087 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,49,59,000 | 1,49,59,000 | 1,33,81,509 | 15,77,491 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 471,000 | 471,000 | 0 | 471,000 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 5022000 | 5022000 | 4002190 | 19,19,810 |
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 159822 | 12,45,000 | 14,08,222 | 11,34,489 | 270,333 |
| ട്രഷറി റ്റി.എസ്.ബി. (ജനറൽ പർപ്പസ്) | 29,62,611 | 45,13,300 | 7475911 | 49,02,212 | 25,73,699 |
| തനത് ഫണ്ട് | 11,56,917 | 135853 | 1292770 | 196779 | 1095991 |
| തൊഴിലുറപ്പ് പദ്ധതി | 27973.50 | 514841.00 | 542814.5 | 535001 | 7813.50 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 79299118 | 45 | 55098612 | 20 | 3 | 66.18 |

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
2. ആസ്തിരജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.
3. പദ്ധതികൾ ശരിയായ വിധം മോണിറ്റർ ചെയ്യുന്നില്ല. 2017-18 പല പദ്ധതികൾക്കും കോടിക്കണക്കിനു രൂപ
ചെലവഴിച്ചെങ്കിലും അവ ഇപ്പോഴും ജനോപകാരപ്രദങ്ങളായിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.2019/ 02.12.2019 | 2018-19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.07.2015 / 13.07.2015 | 2012-13/2014-15 | 24.08.2015 |

## 1-9 ഫണ്ട് ലാപ്സാകുന്നത് സംബന്ധിച്ച്

സർക്കാർ അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിക്കുന്നവയായതിനാൽ യഥാസമയം ചെലവഴിച്ചില്ലെങ്കിൽ നഷ്ടപ്പെടുന്നതാണ്.

2018-19 സാമ്പത്തിക വർഷാവസാനം ബജറ്റ് അലോക്കേഷൻ പ്രകാരം അനുവദിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 7148087 |
| വികസനഫണ്ട് (എസ്.സി.പി) | 1577491 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് | 1019810 |
| റ്റി.എസ്.പി | 471000 |

| | |
|---|---|
| ആകെ | 10216388 |

നാളിതുവരെ മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരംസമിതിയുടെ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

പ്രോജക്ട് നം.57 ആയി പത്തിയൂർ ഗ്രാമപഞ്ചായത്തിലെ കുന്നത്തേഴത്ത് പട്ടികവർഗ്ഗ കോളനിയിൽ ആർ.ഒ.പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി 4,71,000/- രൂപ റ്റി.എസ്.പി ഫണ്ട് വകയിരുത്തിയിരുന്നു എങ്കിലും ചെലവു നടത്തിയിട്ടില്ല. മുൻവർഷങ്ങളിൽ ആർ.ഒ.പ്ലാന്റ് സ്ഥാപിക്കലിനായി വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകി എങ്കിലും പ്രവൃത്തി നടപ്പാക്കാത്തിനാലാണ് പദ്ധതി ഉപേക്ഷിച്ചത്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിനു വേണ്ടി അനുവദിച്ച കിട്ടിയ വിഹിതം ചെലവഴിക്കാതെ പാഴാക്കിയത് ശരിയായ ആസൂത്രണമില്ലായ്മയാണ് വെളിവാക്കുന്നത്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വികസനകാര്യ സ്ഥിരംസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മേലാദായം -ലേലനടപടികൾ ഫലപ്രാപ്തിയിലെത്തിയില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെയും ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും പരിസരങ്ങളിൽ നിരവധി ഫലവൃക്ഷങ്ങളുണ്ട്. ഇവയുടെ മേലാദായം ബ്ലോക്ക് പഞ്ചായത്തിന് അവകാശപ്പെട്ടതാണ്. എന്നാൽ ഈ മേലാദായം ഫലപ്രദമായ ലേലനടപടികളിലൂടെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ലേല, പുനർലേല നടപടികൾ നടന്നിരുന്നെങ്കിലും ലേലത്തിലോ പുനർ ലേലത്തിലോ ആരും പങ്കെടുത്തിരുന്നില്ല. ഈ സാഹചര്യത്തിൽ മേലാദായം നേരിട്ടെടുക്കുന്നതിനുള്ള നടപടികളും പഞ്ചായത്ത് സ്വീകരിച്ചില്ല. മേലാദായം പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കാതെ നഷ്ടപ്പെടുവാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷം ഇ-ടെൻറർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെൻറർ ഫീസിനത്തിൽ 26992/- രൂപ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ തുടരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ബിഡുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ജി.എസ്.റ്റി | ആകെ |
|---|---|---|---|---|---|
| 1 | മെയിന്റനൻസ് ഓഫ് സി.എച്ച്.സി ബിൽഡിംഗ് ആൻഡ് സി.എച്ച്.സി ക്വാർട്ടേഴ്സ് | 1 | 1400 | 168 | 1568 |
| 2 | ഇംപ്രൂവ്മെന്റ് ഓഫ് പത്തിയൂർ സി.എച്ച്.സി -കുറ്റിക്കാട്ട് കോളനി റോഡ് | 2 | 2500 | 300 | 5600 |
| 3 | കരീലക്കുളങ്ങര മിൽക്ക് സൊസൈറ്റി-മാമൂട് റോഡ് | 3 | 2500 | 300 | 8400 |
| 4 | ഇംപ്രൂവ്മെന്റ് ഓഫ് വട്ടത്തുചിറ ആൽ – | 2 | 1000 | 120 | 2240 |

| | | | | | |
|---|---|---|---|---|---|
| | പറപ്ലായത്ത് റോഡ് | | | | |
| 5 | സ്വരാജ് ട്രോഫി അവാർഡ് ബിൽഡിംഗ് കൺസ്ട്രക്ഷൻ | 1 | 2500 | 300 | 2800 |
| 6 | കെ.എസ്.ഇ.ബി വൃദ്ധസദനം റോഡ് നിർമ്മാണം | 1 | 2500 | 300 | 2800 |
| 7 | മുതിരപ്പുഴ -ചാപ്ര റോഡ് നവീകരണം | 1 | 2000 | 240 | 2240 |
| 8 | തെറ്റിത്തറ-വെലിയപറമ്പ് റോഡ്-ഡ്രെയിൻ കവർസ്ലാബ് നിർമ്മാണം | 1 | 1200 | 144 | 1344 |

ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വകയിരുത്തിയിട്ടില്ല. മുൻ വർഷത്തെ വരവുകളും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ ഇ-ടെണ്ടർ പ്രോജക്ടുകളുടെ ടെണ്ടർ ഫീസും ഇതേ പോലെ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തുടരുന്നുണ്ട്. ഈ തുകകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് സ്വീകരിക്കുന്ന തിന് നടപടികൾ കൈക്കോള്ളേണ്ടതാണ്.

# 1-12 വാടക വരവ് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സിലെ കടമുറികൾ കരാർ പ്രകാരം വാടകക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി വാടകകരാറുകാരിൽ നിന്നും ഈടാക്കുന്ന വാടക സംബന്ധിച്ച കണക്കുകൾ രേഖപ്പെടുത്തുന്നതിൽ അപാകതകൾ ഉള്ളതായി കാണുന്നു.

1) വാടക കണക്കാക്കുമ്പോൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിലാണ് ഡിമാൻഡ് ചെയ്യേണ്ടതും ഈടാക്കേണ്ടതും. എന്നാൽ ഇപ്രകാരമല്ലാതെ കരാറുകാരന് കൈമാറിയ തീയതി മുതൽ ഒരു വർഷത്തേക്ക് എന്ന രീതിയിൽ ആണ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളത്. വാർഷിക ഡി.സി.ബി കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ട താണ്.

2) രജിസ്റ്റർ പ്രകാരം എല്ലാ വാടകക്കാരും അവർ പണം ഒടുക്കുന്ന മുറക്ക് രജിസ്റ്ററിലേക്ക് രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ച് പോരുന്നത്. അതായത് ഓരോ വാടകക്കാരനും പ്രത്യേകം പേജുകൾ നൽകി പ്രതിമാസ വാടക, വാടകയുടെ ഒടുക്ക്, പിഴപ്പലിശ്ശയുടെ ഒടുക്ക്, ഈടാക്കിയ ജി.എസ്.റ്റി എന്നീ വിവരങ്ങൾ ചേർക്കുന്നില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ വാടകക്കാരനും പ്രത്യേകം പേജുകൾ നൽകി വാടകയുടെ ഒടുക്ക്, പിഴപ്പലിശ്ശയുടെ ഒടുക്ക്, ജി.എസ്.റ്റി വരവ് എന്നിവ രസീത് നമ്പർ സഹിതം രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 പദ്ധതി രൂപീകരണത്തിനായി മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല- പദ്ധതി രൂപീകരണത്തിനും മോണിട്ടറിംഗുനുമായി പ്രോജക്റ്റു പ്രകാരവും ചെലവ്- മുൻകൂർ തിരിച്ചടക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്ത് 2018-19 ലെ പദ്ധതികളുടെ രൂപീകരണത്തിനായി 35000/- രൂപ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറായിരുന്ന ശ്രീമതി ബീനക്ക് നൽകിയിരുന്നു. (ചെക്ക് നം- 5848689 തീയതി. 07.03.18 ചെക്ക് ട്രഷറി മാറി നൽകിയ തീയതി - 08.03.18) മുൻകൂർ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കാത്തതിനാൽ അഡ്വാൻസ് ക്രമീകരിച്ചതായുള്ള വിവരങ്ങൾ ലഭ്യമായിരുന്നില്ല. മുൻകൂർ ക്രമീകരിച്ചതിന്റെ വൗച്ചർ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.11/04-01-2020) മറുപടിയിൽ രേഖകൾ പരിശോധിച്ച് മറുപടി ഹാജരാക്കുന്നതാണെന്നാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സ്ഥാപനം താഴെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുമുണ്ട്. ടി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. 3/19 പദ്ധതി രൂപീകരണവും മോണിട്ടറിംഗും.

<u>ചെലവ് വിവരം</u>

| തുക | ബിൽ നം. | തീയതി | പരാമർശം |
|---|---|---|---|
| 10666 | 5/18-19 | 14-06-18 | |
| 8840 | 20/18-19 | 30-07-18 | |
| 11500 | 30/18-19 | 18-09-18 | |
| 19520 | 43/18-19 | 25-10-18 | |
| 10850 | 49/18-19 | 24-11-18 | |
| 16000 | 61/18-19 | 15-02-19 | |
| 71530 | 5/19-20 | 29-04-19 | queue bill |

പദ്ധതി രൂപീകരണത്തിനും മോണിട്ടറിംഗിനുമായി 170633/- രൂപ അടങ്കൽ തുകയിൽ 1,48,906/- രൂപ സ്ഥാപനം ചെലവഴിച്ചിട്ടുമുണ്ട്. മുൻകൂർ നൽകിയ തുക ക്രമീകരിക്കാതിരുന്ന സാഹചര്യം വ്യക്തമല്ല. ക്രമീകരിക്കാത്ത മുൻകൂർ തുകയായ 35,000/- രൂപ 18 ശതമാനം പലിശ സഹിതം ശ്രീമതി ബീനയിൽ നിന്നും ഈടാക്കി പഞ്ചായത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-14 ഗ്രാമപഞ്ചായത്തുകൾ തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല

അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളിൽ ബ്ലോക്ക് ഷെയർ നല്കിയവയിൽ വിനിയോഗിക്കാതെ തിരികെ വന്ന തുകകൾ ബ്ലോക്കിന്റെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ അക്കൌണ്ടിൽ (അക്കൌണ്ട് നം.70709100000002) അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.,പേര് | ട്രഷറി ബിൽ നം., തുക | കൈപ്പറ്റിയ ധനസഹായം | റിമാർക്ക്സ് |
|---|---|---|---|
| 31/18-19, നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 03/18-19/12-03-2019 | പത്തിയൂർ ഗ്രാമ പഞ്ചായത്ത് 434435 രൂപ | ഇതിൽ ചെലവഴിക്കാതെ അവശേഷിച്ച 1317/- രൂപ ബ്ലോക്കിന്റെ ജനറൽ പർപസ് ഗ്രാന്റിന്റെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | 434435 രൂപ | | |
| 33/18-19, പച്ചക്കറിക്കൃഷിക്ക് കൂലിച്ചെലവ് | 01/18-19/15-02-19 34890 രൂപ | ദേവികുളങ്ങര ഗ്രാമ പഞ്ചായത്ത് 17000 | 3876/- രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം ഉണ്ട്. ബാക്കി തുക 13124/- രൂപ ബ്ലോക്കിന്റെ ജനറൽ പർപസ് ഗ്രാന്റിന്റെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. |

ഇപ്രകാരം ബ്ലോക്കിന്റെ അക്കൌണ്ടിൽ നില്ക്കുന്ന 14441/- രൂപ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഒറിജിനൽ രസീത് ഇല്ലാതെ റീഫണ്ട് നൽകുന്നു

ഓഡിറ്റ് വർഷം താഴെ പറയുന്ന ഇ.എം.ഡി തിരിച്ചുനൽകിയിട്ടുള്ളത് തുക ഒടുക്കിയതിന്റെ യഥാർത്ഥ രസീതിന്റെ പിൻബലത്തിലല്ല. ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ വരവ് തിരിച്ചുനൽകൽ ഇവ രേഖപ്പെടുത്തുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തിരിച്ചുനൽകിയിട്ടുള്ള തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൌണ്ടിൽ വരവ് വച്ചിട്ടുള്ളവയാണെന്ന് ബോധ്യപ്പെട്ടെങ്കിലും രസീതിന്റെയും രജിസ്റ്ററിന്റെയും അഭാവത്തിൽ ചെലവു ആവർത്തിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

| ചെക്ക് നം./തീയതി | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 657246/22.06.2018 | 7530 | ബിജു.എസ് |
| 657761/18.07.2018 | 4960 | സ്റ്റാർ മാർക്സ് സിസ്റ്റം |

ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നതിനും, ഒറിജിനൽ രസീതിന്റെ പിൻബലത്തോടെ മാത്രം ഡെപ്പോസിറ്റ് തിരികെ നൽകാനും ശ്രദ്ധിക്കേണ്ടതാണ്. രസീത് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ വീണ്ടും ക്ലെയിം ചെയ്യാതിരിക്കാനുള്ള നിയമാനുസൃതനടപടികൾക്കുശേഷം മാത്രം തുക നൽകാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി -നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

മേൽ പ്രോജക്ട് പ്രകാരം 2018-19 വർഷം 1,50,000/- രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. 29 ഗുണഭോക്താക്കൾ കരാർ വച്ച് പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ഇതിൽ 28 പേർ 2019-20 വർഷം അവസാന ഗഡു കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കിട്ടുണ്ട് (ഓഡിറ്റ് സമയം വരെ). ഒരാൾ നിലവിലും പ്രവൃത്തി പൂർത്തിയാക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | ട്രഷറി ബിൽ നം. |
|---|---|---|
| അനശ്വര, ആകാശ് ഭവനം, ആറാട്ട് പുഴ | 150000 | 07/18-19/22-01-19<br>13/18-19/18-03-19 |

| | | 17/18-19/25-03-19 |
|---|---|---|

മേൽ ഗുണഭോക്താവിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 150000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-17 ലാബ് ഹൈടെക് ആക്കൽ പദ്ധതി - 95568/-രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം. 46/19

**പ്രോജക്റ്റിന്റെ പേര് -CHC ലാബ് ഹൈടെക് ആക്കൽ**

പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 537934/- രൂപ (ട്രഷറി ബിൽ നം.14/18-19/28.02.19) മുൻകൂറായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട്. എന്നാൽ സപ്ലൈ ഓർഡർ നൽകിയവയിൽ താഴെ പറയുന്ന ഉപകരണങ്ങൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്നു.

| ഉപകരണത്തിന്റെ പേര് | എണ്ണം | മുൻകൂർ അടച്ച തുക |
|---|---|---|
| ഇലക്ട്രോലൈറ്റ് അനലൈസർ | 1 | 94695 |
| ടെസ്റ്റ് ട്യൂബ് | 100 | 873 |
| ആകെ | | 95568 |

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 08-07-2011 ലെ കത്ത് നം.25714/J1/2011/H&FWD ന്റെ അടിസ്ഥാനത്തിൽ സാധനത്തിന്റെ ബിൽ തുക (ടാക്സ് ഉൾപ്പെടെ) കൂടാതെ 7% സർവീസ് ചാർജ്ജുൾപ്പെടെയാണ് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് നല്കിയിട്ടുള്ളത്. ഉപകരണങ്ങളുടെ സ്ഥാപിക്കൽ, പ്രവർത്തനം, മെയിന്റനൻസ് തുടങ്ങിയ സർവീസ് കാര്യങ്ങൾ 3 വർഷത്തേക്ക് KMSCL ചെയ്ത് നല്കേണ്ടതാണ്. എന്നാൽ ഇത് ഉറപ്പാക്കാൻ KMSCL മായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് നല്കിയ വിശദീകരണത്തിൽ തുടർന്നുള്ള 3 വർഷത്തേക്കുള്ള മെയിന്റനൻസ് സർവീസ് കാര്യങ്ങൾക്കായി KMSCL മായി കരാറിലേർപ്പെട്ടിട്ടില്ല എന്ന് മറുപടി നല്കിയിട്ടുണ്ട് . മേൽ സാധനങ്ങൾ ലഭ്യമാക്കാൻ 13-12-2019 ലെ നം.ബി.521/19 കത്ത് പ്രകാരം KMSCL നോട് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതൊഴികെയുള്ള തുടർ നടപടികൾ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടില്ല. ലഭ്യമാകാത്ത സാമഗ്രികളുടെ വിലയായ 95568/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. സർവ്വീസ് ചാർജ്ജിനത്തിൽ 7% തുക KMSCL ന് നൽകിയിട്ടുള്ളതിനാൽ ഇവരുടെ തുടർസേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 നോൺറോഡ് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം - കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിക്കാതെ പ്രവൃത്തികൾ നടത്തുന്നു

നോൺറോഡ് മെയ്ന്റനൻസ് ഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കും അവയെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾക്കും വിനിയോഗിക്കാവുന്നതാണ്. ഇതു

പ്രകാരമുള്ള പ്രോജക്കുകൾ തയ്യാറാക്കുന്നതിന് മുമ്പായി സ്ഥാപനമേധാവികളുടെ യോഗം വിളിക്കണമെന്നും അവരുടെ ആവശ്യം പരിഗണിച്ചുമാത്രം പ്രോജക്കു വെക്കാൻ പാടുള്ളൂവെന്നും എന്നാൽ സ്ഥാപനങ്ങളുടെ ആവശ്യം പരിഗണിക്കാതെയാണ് പലപ്പോഴും പ്രവൃത്തികൾ നടപ്പാക്കുന്നത്. സി.ഡി.പി.ഒ ഓഫീസ് നവീകരണപ്രവർത്തനത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിയതിൽ കെട്ടിടത്തിന്റെ ഭിത്തിയിൽ കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന ആൽമരം നീക്കം ചെയ്യുന്നതിനും, കെട്ടിടം പൂർണ്ണമായി പെയിന്റുചെയ്യുന്നതിനും, നിർമ്മിക്കുന്ന സോക്ക്പിറ്റിന് സ്ലാബ് ഇടുന്നതിനും പൊളിഞ്ഞുകിടക്കുന്ന റാമ്പ് നവീകരിക്കുന്നതിനോ ഉള്ള പ്രൊവിഷൻ ഉൾപ്പെടുത്തുകയോ ചെയ്യുകയോ ചെയ്തിട്ടില്ല. സ്ഥാപന മേധാവി പലപ്രാവശ്യം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും പ്രവൃത്തികൾ ചെയ്യപ്പെട്ടില്ല എന്ന് എക്സിറ്റ് മീറ്റിഗ് വേളയിൽ ഉദ്യോഗസ്ഥ അറിയിച്ചു. സ്ഥാപനത്തിന്റെ മുഴുവൻ അപാകതകളും പരിഹരിക്കുന്ന രീതിയിൽ ഉള്ള പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാനും പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കാനും എൻജിനീയറിംഗ് വിഭാഗവും, വികസനസ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവർത്തികൾ എസ്റ്റിമേറ്റു തയ്യാറാക്കാതെയും എൻജിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെയും നടപ്പിലാക്കുന്നു

മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പല മരാമത്ത് പണികളും ഇലക്ട്രിക്കൽ പണികളും എൻജിനീയറിംഗ് വിഭാഗത്തിൽനിന്നോ,ഇലക്ട്രിക്കൽ വിംഗിൽ നിന്നോ ഉള്ള എസ്റ്റിമേറ്റില്ലാതെയും ഇവരുടെ മേൽനോട്ടത്തിലല്ലാതെയും നടത്തിവരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ അതിന്റെ എല്ലാ മരാമത്തുപണികളുടേയും ചുമതലക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ ഒരു എൻജിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 10,000/-രൂപ വരെയുള്ള പെറ്റി വർക്കുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എൻജിനീയറുടെ സാങ്കേതിക അനുമതിയോടെയും അതിനു മുകളിലുള്ളവ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ സാങ്കേതിക അനുമതിയോടെയും മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഇതിനു വിപരീതമായാണ് ഇത്തരം പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം നൽകുന്നതിനായി നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ അടിയന്തിര പ്രവൃത്തികൾ ആയതിനാലാണ് ഇപ്രകാരം ചെലവഴിച്ചത് എന്നും ഇനിയും അപാകതകൾ ആവർത്തിക്കുകയില്ലെന്നും അറിയിക്കുകയുണ്ടായി. ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കുവാൻ ഭരണസമിതിയും ധനകാര്യസ്ഥിരം സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | തുക | തുക കൈപ്പറ്റിയ ആൾ | ചെലവു വിവരം |
|---|---|---|---|
| സ്കാനിഗ് റൂം ഇലക്ട്രിഫിക്കേഷൻ | 6741/-<br>ചെക്ക് നം.1599007<br>24-11-2018 | MO.PHC. | ലേബർചാർജ്ജ്-2650<br>ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത് – 4091 |
| പട്ടികജാതി വികസന ഓഫീസിലെ ഇലക്ട്രിഫിക്കേഷൻ | 10808/-<br>1599434<br>DT.19.02.2019 | എസ്.സി.ഡി.ഒ, മുതുകുളം | ലേബർചാർജ്ജ് -3850<br>ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത് – 6958 |
| ബ്ലോക്ക്പഞ്ചായത്തിൽ പ്ലംബിംഗ് വർക്കുകൾ ചെയ്യതിനും, ആഫീസ് ഇലക്ട്രിക് വർക്കുകളുടെ | 23520/- | മുഹമ്മദ് ഖാൻ | ലേബർചാർജ്ജ്.- 9500 |

| | | | |
|---|---|---|---|
| മെയ്ന്റനൻസും | 1599226 DT.10.12.2018 | | ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയത്. 14020 - |
| ശിശുവികസന ഓഫീസ് പെയിന്റിംഗ് | 8740/- 0491352 DT 15.02.2019 | ശ്രീകുമാർ.എസ് | ലേബർചാർജ്ജ് - 4600 സാമഗ്രികൾ വാങ്ങിയത് 4140 - |

# 1-20 ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് സംബന്ധിച്ച്

1) പ്രോജക്ട് നം.62/19

പ്രോജക്ടിന്റെ പേര് - ഭിന്ന ശേഷിക്കാർക്ക് സഹായ ഉപകരണം

ഈ പ്രോജക്ടിന്റെ ഭാഗമായി ട്രഷറി ബിൽ നം.07/18-19/14-02-19 പ്രകാരം 868290/- രൂപ ചെലവഴിച്ച് 12 ഇന സാധനങ്ങൾ വാങ്ങി ഭിന്ന ശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിൽ എടുത്തിട്ടില്ല. ശ്രവണ സഹായി മുഴുവനും വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഐറ്റം | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം | സാധനത്തിന്റെ യൂണിറ്റ് വില |
|---|---|---|---|
| Hearing aid for Moderate to Profound | 72 | 64 | 8690 |

അവശേഷിക്കുന്ന ശ്രവണ സഹായികൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യേണ്ടതും അല്ലാത്ത പക്ഷം ടിയിനത്തിൽ ചെലവായ തുക 69520/- (8x8690) രൂപ സർക്കാരിലേക്ക് തിരികെ അടക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ചെലവ് തുക 69520/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

2) പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ സാധനങ്ങൾ വാങ്ങുന്നുവെങ്കിലും ഇവയൊന്നും സ്റ്റോക്കിൽ ചേർക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | വാങ്ങിയ സാധനം |
|---|---|---|
| 1 | 67/19, കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് അനുബന്ധ ഉപകരണങ്ങൾ | 12 ഇന സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് |
| 2 | 49/19, ഓഫീസ് നവീകരണം | Computer chair with arm chair – 5 nos.<br>Revolving chair medium back with push back – 1 no.<br>Executive high back revolving chair - 1 no.<br>Steel visitors chair -6 |

ക്രമ നമ്പർ 1 ൽ പറഞ്ഞിട്ടുള്ള സാധനങ്ങൾ 3 ഗുണഭോക്താക്കൾക്കായി നല്കിയിട്ടുണ്ടെങ്കിലും ഏതൊക്കെ സാധനങ്ങൾ ആർക്കൊക്കെ നല്കിയെന്നതിന്റെ വിശദാംശം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ക്രമ നം. 2 ൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെങ്കിലും സാധനങ്ങൾ ലഭിച്ച തീയതി, സാധനങ്ങളുടെ പൂർണ്ണമായ സ്പെസിഫിക്കേഷൻ, ഇൻവോയിസ് നമ്പർ, സാധനങ്ങൾ എവിടെ നിന്ന് ലഭിച്ചുവെന്നതിന്റെ വിശദാംശം എന്നിവ സ്റ്റോക്കിൽ ചേർത്തിട്ടില്ല. സ്റ്റോക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

3) ബ്ലോക്ക് ഷെയർ നല്കിയത് വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.

പ്രോജക്ട് നം. 61/19

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ബ്ലോക്ക് വിഹിതം)

മേൽ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകൾക്ക് ബ്ലോക്ക് ഷെയർ നല്കിയതിൽ വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | കൈപ്പറ്റിയ തുക | വിനിയോഗിച്ചത് | തിരികെ ഈടാക്കാനുള്ളത് |
|---|---|---|---|
| ആറാട്ടുപുഴ | 268650 | 268500 | 150 |
| ചേപ്പാട് | 38700 | 34700 | 4000 |

ആകെ 4150

ഇത് സംബന്ധിച്ച് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ വിനിയോഗിക്കാത്ത തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാത്ത തുക 4150/- രൂപ തിരികെ ഈടാക്കി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-21 കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ടെണ്ടർ ഉറപ്പിച്ചു കരാർ നൽകി

പ്രോജക്റ്റ് നം-22/19 പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ മൈക്ക് സിസ്റ്റം സ്ഥാപിച്ചു. ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കിയ മേൽ പ്രവൃത്തിയിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു (സ്റ്റാർ മാക്സ് സിസ്റ്റംസ്, എറണാകുളം, ആവലോൺ സിസ്റ്റംസ്,കോട്ടയം, ശബരി സ്റ്റീൽ ഫർണ്ണിച്ചർ,കൊട്ടാരക്കര). എന്നാൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയാണ് ആവലോൺ സിസ്റ്റംസ് ആൻഡ് സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകിയത്.

<u>ചെലവ് വിവരങ്ങൾ</u>

തുക-158863

ബിൽ നം.32/18-19

തീയതി – 18-09-18 (bill passed on 19-09-18)

കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണ്ണിച്ചർ, പനവേലി, കൊട്ടാരക്കര എന്ന സ്ഥാപനം എല്ലാ ഇനങ്ങളിലും തുക ക്വോട്ട് ചെയ്തില്ലായെന്ന കാരണം പറഞ്ഞാണ് ഒഴിവാക്കിയത്. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച റേറ്റ് ഷെഡ്യൂളിൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്ന എല്ലാ ഇനങ്ങളും ഉൾപ്പെട്ടിരുന്നതായി

കാണുന്നു. ഇലക്ട്രിക്കൽ സ്പെയറുകൾ മാത്രമാണ് ആവശ്യാനുസരണം എന്നു രേഖപ്പെടുത്തിയത്. ഈ ഇനത്തിന് പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കിയ സ്ഥാപനത്തിന്റെ ഫൈനൽ ബിൽ പ്രകാരമുള്ള തുക 1000/- രൂപ മാത്രമാണ്. വിവിധ ഇനങ്ങളുടെ താരതമ്യപ്പട്ടികയും ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായ അധിക ചെലവും ചുവടെ ചേർക്കുന്നു.

| ഇനം-എണ്ണം | ശബരിസ്റ്റീൽ ഫർണ്ണിച്ചർ | ആവലോൺ സിസ്റ്റംസ് | വ്യത്യാസം |
|---|---|---|---|
| SSA 10000 PA Amplifier-1 | 36400 | 39,063 | 2663 |
| SRX 250 Dx PA Speaker-4 | 9400 | 9050 | -1400 |
| SAX 200 DX-4 | 7300 | 8800 | 6000 |
| STA 150 speaker stand-4 | 2490 | 2050 | -1760 |
| AWM520 VH vireless microphone-1 | 3490 | 2890 | -600 |
| AWM520 V2 vireless microphone-1 | 5450 | 4800 | -650 |
| DGN PA Microphone Stand-02 | 1390 | 1060 | -330 |
| XPA 1500 DP Multiple speaker-1 | 16350 | 16800 | 450 |
| cable 15 mtrs | 800 | 800 | 0 |
| speaker cable | 34/m | 2000 | - |
| Electrical spares | as per requirements | 1000 | - |
| Installation Charge | 1000 | 2000 | 1000 |
| ആകെ വ്യത്യാസം | | | 5373 |

കൃത്യമായ താരതമ്യപ്പട്ടിക തയ്യാറാക്കുന്നതിനോ കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ബന്ധപ്പെടുന്നതിനോ അവരുടെ ടെണ്ടറിലെ കുറഞ്ഞ തുക പരിഗണിക്കുന്നതിനോ ബ്ലോക്ക് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ 5373/- രൂപ അധികമായി ചെലവഴിക്കേണ്ട സാഹചര്യമുണ്ടായി. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തനുവദിച്ച വികസനഫണ്ടിൽ വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം വിവിധ പ്രോജക്റ്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് കൈമാറിയിരുന്നു. എന്നാൽ തുക നിശ്ചിത കാലാവധിക്കകം ചെലവഴിക്കാനാകാത്ത പഞ്ചായത്തുകൾ വിനിയോഗവിവരങ്ങൾക്കൊപ്പം ചെലവഴിക്കാത്ത തുകയുടെ വിശദാംശങ്ങളും

ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

| പ്രോജക്ട് നം. | ബിൽ വിവരങ്ങൾ | പ്രോജക്റ്റിന്റെ പേര് | നല്കിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 15/19<br>പാലിയേറ്റീവ് കെയർ-ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | നം.21/18-19<br>18-09-18<br>₹1000000 | കൃഷ്ണപുരം പഞ്ചായത്ത്-സാന്ത്വന പരിചരണപരിപാടി | 400000 | 194095 | 205905 |
| 26/19<br>ലൈഫ്-ജനറൽ | നം-22/18-19<br>18-09-18<br>₹8856600<br>നം-53/18-19<br>24-12-18<br>₹2516625<br>നം-59/18-19<br>15-02-18<br>₹1383779 | കൃഷ്ണപുരം പഞ്ചായത്ത്-ലൈഫ് ഭവനനിർമ്മാണം ജനറൽ | 21,50,000 | 19,76,000 | 174,000 |
| 69/19<br>ലൈഫ്-എസ്.സി.പി | നം-40/18-19<br>27-09-18<br>₹1400000<br>നം-54/18-19<br>24-12-18<br>₹976000 | കൃഷ്ണപുരം പഞ്ചായത്ത്-ലൈഫ് ഭവനനിർമ്മാണം എസ്.സി.പി | 7,76,000 | 100000 | 250000 |
| 15/19<br>പാലിയേറ്റീവ് കെയർ-ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | നം-21/18-19<br>18-09-18<br>₹100000<br>നം-52/18-19<br>24-12-18<br>₹97981 | കണ്ടല്ലൂർ പഞ്ചായത്ത് പാലിയേറ്റീവ് കെയർ | 497981 | 428284 | 69697 |
| 26/19<br>ലൈഫ് മിഷൻ -ഭവന പദ്ധതി | നം.22/18-19<br>18-09-18<br>₹8856600<br>നം-53/18-19<br>24-12-18<br>₹2516625 | കണ്ടല്ലൂർ പഞ്ചായത്ത്-ലൈഫ് ഭവനനിർമ്മാണം ജനറൽ | 2116625 | 1800000 | 316625 |

| | | | | | |
|---|---|---|---|---|---|
| | നം-59/18-19<br>15-02-18<br>₹1383779 | | | | |

തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിനും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുള്ള വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്</u>

| പ്രോജക്ട് നം. | ബിൽ വിവരങ്ങൾ | പ്രോജക്ടിന്റെ പേര് | നല്കിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 60/19 | നം-24/18-19<br>18-09-18<br>₹20000 | അഗതി ആശ്രയ | 100000 | 0 | 100000 |
| 69/19 | നം.40/18-19<br>27-09-18<br>₹1400000<br>നം-54/18-19<br>24-12-18<br>₹976000 | ലൈഫ്-എസ്.സി | 1000000 | 0 | 1000000 |
| 81/19 | നം.62/18-19<br>15-02-19<br>₹440000 | സ്കൂളുകളിൽ ഏയറോബിക് കമ്പോസ്റ്റ് യൂണിറ്റ്, മിനി കളക്ഷൻ സെന്റർ | 440000 | 0 | 440000 |

<u>ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്</u>

| പ്രോജക്ട് നം. | ബിൽ വിവരങ്ങൾ | പ്രോജക്ടിന്റെ പേര് | നല്കിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| 59/19 | ബിൽ നം.51/18-19 /24-12-18 പാസ്സായ തീയതി -27-12-18<br>ആകെ ബിൽ തുക | അങ്കണവാടികൾ ഹൈടെക്ക് ആക്കൽ-ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | 300000 | 0 | 300000 |

| | -395000 | | | | |
|---|---|---|---|---|---|

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-24 പ്രവർത്തനം തുടങ്ങിയിട്ടില്ലാത്ത വൃദ്ധസദനത്തിനായി ഫർണീച്ചർ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി പത്തിയൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പണികഴിപ്പിച്ച വൃദ്ധസദനത്തിലേക്ക് 2018-19 വർഷം ബിൽ നം.27, 28/18-19/18.09.18 പ്രകാരം 5,12,007/- രൂപ ചെലവഴിച്ച് ഫർണീച്ചറുകൾ വാങ്ങി നൽകിയിരുന്നു. നിലവിൽ വൃദ്ധസദനം ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്തുകയോ, സ്ഥാപനം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള മറ്റ് നടപടികൾ ഉണ്ടാകുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നം.11) വൃദ്ധസദനം പൂർത്തിയാക്കി ഗ്രാമപഞ്ചായ ത്തിന് കൈമാറിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വൃദ്ധസദനം പ്രവർത്തനക്ഷമമാകാത്തിടത്തോളം ഇതിനായി ചെലവഴിച്ച തുക പാഴ്ചെലവായേ പരിഗണിക്കാൻ കഴിയൂ. സ്ഥാപനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾക്കായി ബ്ലോക്ക് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. ചെലവുതുക 5,12,007/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികൾ - ജനോപകാരപ്രദാമാകാതെ ശേഷിക്കുന്നു

2017-18 വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ നിലവിലും ജനോപകാരപ്രദമല്ലാത്ത അവസ്ഥയിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പ്ലാസ്റ്റിക് - ഇ-വേസ്റ്റ് എം.ആർ.എഫ്.സി</u>

പ്ലാസ്റ്റിക് ഇ വേസ്റ്റ് എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിനായി 61.87 ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് 2016-17, 2017-18 വർഷങ്ങളിലായി ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള വ്യവസായ കോംപ്ലക്സിൽ എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ സമീപവാസികളുടെ എതിർപ്പുമൂലം എം.ആർ.എഫ്.സി അവിടെ സ്ഥാപിക്കാൻ സാധിച്ചില്ല. ഇപ്പോൾ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ II-ാം വാർഡിലുള്ള പ്രവർത്തനക്ഷമമല്ലാത്ത അറവുശാലയിൽ ഇത് സൂക്ഷിച്ചിരിക്കുകയാണ്. എം.ആർ.എഫ്.സി ഇവിടെ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കുകയും ഇവിടെ ഇത് സ്ഥാപിക്കുന്നതിന് അനുവാദത്തിനായി കോ-ഓർഡിനേഷൻ സമിതിയെ സമീപിക്കുകയും ചെയ്തു. എന്നാൽ അറവുശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം നിയമസഭാസമിതിയുടെ പരിഗണനയിൽ ഉള്ളതിനാൽ കോർഡിനേഷൻസമിതി ഈ അപേക്ഷ പരിഗണിച്ചിട്ടില്ല. കൃഷ്ണപുരം ഗ്രാമപഞ്ചായത്തും മുതുകുളം ബ്ലോക്ക് പഞ്ചായത്തും എം.ആർ.എഫ്.സി സ്ഥാപിക്കുന്നതിന് നിയമസഭാ സമിതിയുടെ അനുവാദത്തിനായി കത്തു നൽകിയിട്ടുണ്ട്. നിയമസഭാ സമിതിയുടെ അനുവാദത്തിനായി കത്ത് നൽകിയിട്ടുണ്ട്. നിയമസഭാസമിതിയുടെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പ്ലാന്റ് ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇത് സ്ഥാപിക്കാനോ പ്രവർത്തനക്ഷമമാക്കാനോ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2. <u>പൊതുസ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ</u>

പൊതുസ്ഥലങ്ങളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 36,72644/- രൂപ ചെലവഴിച്ചിരുന്നു. ഇവയുടെ നിലവിലെ അവസ്ഥ അന്വേഷിച്ച നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ 5

എയ്റോബിക് യൂണിറ്റുകളുടെയും പണി പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് എന്നും, ഉത്ഘാടനത്തിനു ശേഷം പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ഇവ ഇതുവരെ ഉത്ഘാടനം ചെയ്യപ്പെട്ടില്ല എന്നതിനാൽ പൊതുജനങ്ങൾക്ക് ഇവയുടെ പ്രയോജനം ലഭിക്കുന്നില്ല എന്ന് വ്യക്തമാകുന്നു.

**3. പട്ടിക ജാതി/പട്ടിക വർഗ്ഗകോളനികളിൽ ആർ.ഒ.പ്ലാന്റ് സ്ഥാപിക്കൽ നാളിതുവരെ സ്ഥാപിക്കപ്പെട്ടില്ല**

ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 13 – ലെ പൂവണ്ണാൻ ലക്ഷംവീട് കോളനിയിലും, കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 6-ാം വാർഡിലെ ഈരേഴ ലക്ഷംവീട് കോളനിയിലും, പത്തിയൂർ ഗ്രാമപഞ്ചായത്തിലെ അരിവണ്ണൂർകുടി കോളനിയിലും ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 16.25 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന പദ്ധതികൾക്കായി വൻതുകകൾ ചെലവഴിച്ചെങ്കിലും വർഷങ്ങൾക്ക് ശേഷവും ഇതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കാത്ത അവസ്ഥയാണുള്ളത്. പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. VAT ഇനത്തിൽ 17914 രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ബാക്കി നിൽക്കുന്നു.
2. സെക്യൂർഡ് ലോൺ ആയി B-5 പട്ടികയിൽ ബാധ്യതയായി 26,75,062/- രൂപ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതിന്റെ ആസ്തിയായി പ്രീ-പെയിഡ് എക്സ്പെൻസ് (പട്ടിക ബി-16) ൽ തുക ഉൾപ്പെടുന്നില്ല.
3. ഗവൺമെന്റ് ആൻഡ് അതർ ഡ്യൂസ് പെയബിൾ എന്ന ഹെഡ്ഡിൽ 2,05,000/-രൂപ ബാധ്യതയായി അവശേഷിക്കുന്നു. ഇതിന്റെ കൃത്യത ഉറപ്പാക്കാനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
4. B-9 പട്ടികയിൽ 350800199 എന്ന ഹെഡ്ഡിൽ ബാധ്യതയായി വന്നിട്ടുള്ള തുക എന്തെന്ന് വിശദമാക്കുക.
5. വാടക കണക്കാക്കുമ്പോൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിലാണ് ഡിമാൻഡ് ചെയ്യേണ്ടതും ഈടാക്കേണ്ടതും എന്നാൽ ഇപ്രകാരമല്ലാതെ കരാറുകാരന് കൈമാറിയ തീയതി മുതൽ തന്നെ മാസം കണക്കാക്കുന്നതിനാൽ ഈ വരവിനത്തിന്റെ കൃത്യത വ്യക്തമല്ല. ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.
6. വാർഷിക കണക്കിനൊപ്പം അടിസ്ഥാന അനുപാതങ്ങൾ സൂക്ഷിച്ചിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാതിരുന്നതിനാൽ അഡ്വാൻസുകളുടെയും അവ ക്രമീകരിച്ചതിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല.
8. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാതിരുന്നതിനാൽ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
9. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല. സ്റ്റോക്ക് ബാലൻസ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
10. വാല്യൂ ഓഫ് അസറ്റ് രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ആസ്തികളുടെയും ഡിപ്രീസിയേഷൻ തുകകളുടേയും കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.
11. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അക്കൗണ്ടുകളിൽ 31-03-19 പ്രകാരം ബാക്കി നിൽക്കുന്ന തുകകളുടെ (60384-TSC, 437856-ICDS) കൃത്യത ഉറപ്പാക്കാനായില്ല.
12. തൊഴിലുറപ്പ് പദ്ധതിയുടെ അക്കൌണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
13. ഐ.എ.വൈ തിരിച്ചടവ് തുകകൾ തെറ്റായി RP.4 – ൽ പിഴപലിശ എന്നയിനമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 3245000 | പി.എം.എ.വൈ ഭവനം | 2974667 | 270333 |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 530000 | പി.എം.എ.വൈ ഭവനം | 530000 | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പത്തിയൂർ ഉള്ളിട്ട പുഞ്ച പാടശേഖരത്തിലെ മോട്ടോറിന് വൈദ്യുതി കണക്ഷൻ | 130/20-03-19 | 55500 | 55500 | - |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2018-19 വർഷം വായ്പ ഇനത്തിൽ വരവില്ല. ഇ.എം.എസ് ഭവനപദ്ധതി തിരിച്ചടവ് വിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ ഒടുക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ചത് | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.റ്റി)നം.306/11/ ത.സ്വ.ഭ.വ/07.12.11 | 2,20,00,500 | 48,15,112 | 21,40,050 | 26,75,062 |

# 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 2 | 2004-05 | 2-3 | തൊഴിൽസംരംഭങ്ങൾ തുടങ്ങിയിട്ടില്ല | നിലവിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങി പ്രവർത്തനം നടക്കുന്നുണ്ട്. |
| 2005-06 | 3-16(എ) | 2007-08 | 3-1 | ലക്ഷ്യം നിറവേറ്റാത്ത പദ്ധതികൾ സംബന്ധിച്ച് | മുതുകുളം പി.എച്ച്.സി.യിൽ വനിതാ വാർഡ് നിർമ്മിക്കുന്നതിനായി കെട്ടിടം പണി പൂർത്തിയായിട്ടുണ്ടെങ്കിലും നിലവിൽ മരുന്നുകളുടെ സ്റ്റോർ റൂമായി ഉപയോഗിക്കുന്നു. |
| 2004-05 | 3-7 | 2007-08 | 3-1 | | പി.ജി.ഡി.സി.എ വിദ്യാഭ്യാസം നൽകുന്നതിനായി പരിശീലനം നൽകിയവർ കോഴ്സ് പൂർത്തിയാക്കുകയും സർട്ടിഫിക്കറ്റ് വാങ്ങുകയും ചെയ്തതായി സ്ഥാപനത്തിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ ലഭ്യമായില്ല. |
| 2004-05 | 3-24 | 2007-08 | 3-21-4 | ഡി.പി.സി. അംഗീകാരമില്ലാത്ത പ്രവൃത്തികൾ | കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ചട്ടവിരുദ്ധമായി നടപ്പാക്കി. 5/99 മുതൽ 12/2000 വരെ നടന്ന കൺവീനർ വർക്കിന്റെ അളവ് 01.02.2005 ലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. | കൺവീനർക്ക് തുക നൽകിയിട്ടുണ്ട്. |
| 2004-05 | 3-3 | 2007-08 | 3-28-1 | ഐ.എ.വൈ ഭവനനിർമ്മാണം ക്രമക്കേട് – അനർഹർക്ക് ആനുകൂല്യം നൽകി | നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ മരണപ്പെട്ടതായും ഹൌസിംഗ് ഓഫീസർ റിട്ടയർ ചെയ്തതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 2005-06 | 3-10 | 2007-08 | 3-28-2 | എസ്.ജി.ആർ.വൈ – ഭക്ഷ്യധാന്യ വിനിയോഗത്തിലെ ക്രമക്കേടുകൾ | ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഏറ്റെടുക്കുകയും തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയുമാണ്. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

## (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തൻ വർഷം ചാർജ്ജ് -സർചാർജ്ജ് നടപടികളിലൂടെ തുക ഒന്നും ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102267327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70965312 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2159238/- |

(ബി). <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-13 | | 35000/- | ശ്രീമതി ബീന, ജനറൽ എക്സ്റ്റൻഷർ ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,50,000 | ശ്രീമതി മിനി എബ്രഹാം, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 95,568 | ഡോ. സുരേഷ് കുമാർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-20(1) | 69,520 | ശ്രീമതി ഗ്രേസി. ജെ, ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| 1-20(3) | 4,150 | |
| 1-23 | 14,00,000 | ശ്രീ. രതീഷ്. ആർ.ദാസ്, സെക്രട്ടറി |
| | 4,40,000 | ശ്രീ.ആർ.രമണൻ, സെക്രട്ടറി ഇൻചാർജ്ജ് |
| 1-24 | 5,12,007 | ശ്രീ.രതീഷ്.ആർ.ദാസ്, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി എബ്രഹാം, പട്ടികജാതി വികസന ഓഫീസർ | എസ്.സി.ഡി.ഒ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | മുല്ലശ്ശേരിൽ, തട്ടയിൽ.പി.ഒ |
| ഡോ. സുരേഷ്കുമാർ, | മെഡിക്കൽ | അശോക് ഭവൻ, |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഓഫീസർ, മുതുകുളം, സി.എച്ച്.സി | പുന്നപ്ര നോർത്ത്, ആലപ്പുഴ |
| ശ്രീമതി ഗ്രേസി.ജെ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | കണ്ണന്തറ വീട്, കുരീപ്പുഴ |
| ശ്രീ. രതീഷ്.ആർ.ദാസ്, സെക്രട്ടറി | സെക്രട്ടറി, മണ്ണാർകാട് ബ്ലോക്ക് പഞ്ചായത്ത് | ഫിയറവിസ്റ്റ, വാടയ്ക്കൽ, ആലപ്പുഴ |
| ശ്രീ. ആർ. രമണൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | ജോയിന്റ് ബിഡിഒ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | ലക്ഷ്മി വിലാസം, അമ്പലത്തറ പി.ഒ, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ<br>2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14<br>തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.2015 |
| 2014-15, 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017/15.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/11/07.12.2011 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/ബി.പി-/117/19/08.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം.1</u>

നം. കെ.എസ്.എ-എ.എൽ.പി/ബിപി.167/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 28.02.2020

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾ പ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

വാർഷിക കണക്കുകളിലെ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. VAT ഇനത്തിൽ 17914 രൂപ സർക്കാരിലേക്ക് ഒടുക്കുവാൻ ബാക്കി നിൽക്കുന്നു.
2. സെക്യൂർഡ് ലോൺ ആയി B-5 പട്ടികയിൽ ബാധ്യതയായി 26,75,062/- രൂപ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതിന്റെ ആസ്തിയായി പ്രീ-പെയിഡ് എക്സ്പെൻസ് (പട്ടിക ബി-16) ൽ തുക ഉൾപ്പെടുന്നില്ല.
3. ഗവൺമെന്റ് ആൻഡ് അതർ ഡ്യൂസ് പെയബിൾ എന്ന ഹെഡ്ഡിൽ 2,05,000/-രൂപ ബാധ്യതയായി അവശേഷിക്കുന്നു. ഇതിന്റെ കൃത്യത ഉറപ്പാക്കാനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.
4. B-9 പട്ടികയിൽ 350800199 എന്ന ഹെഡ്ഡിൽ ബാധ്യതയായി വന്നിട്ടുള്ള തുക എന്തെന്ന് വിശദമാക്കുക.
5. വാടക കണക്കാക്കുമ്പോൾ സാമ്പത്തിക വർഷ അടിസ്ഥാനത്തിലാണ് ഡിമാൻഡ് ചെയ്യേണ്ടതും ഈടാക്കേണ്ടതും എന്നാൽ ഇപ്രകാരമല്ലാതെ കരാറുകാരന് കൈമാറിയ തീയതി മുതൽ തന്നെ മാസം കണക്കാക്കുന്നതിനാൽ ഈ വരവിനത്തിന്റെ കൃത്യത വ്യക്തമല്ല. ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.
6. വാർഷിക കണക്കിനൊപ്പം അടിസ്ഥാന അനുപാതങ്ങൾ സൂക്ഷിച്ചിട്ടില്ല.
7. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കാതിരുന്നതിനാൽ അഡ്വാൻസുകളുടെയും അവ ക്രമീകരിച്ചതിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല.
8. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാതിരുന്നതിനാൽ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
9. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല. സ്റ്റോക്ക് ബാലൻസ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
10. വാല്യൂ ഓഫ് അസറ്റ് രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ആസ്തികളുടെയും ഡിപ്രീസിയേഷൻ തുകകളുടേയും കൃത്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല.
11. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അക്കൗണ്ടുകളിൽ 31-03-19 പ്രകാരം ബാക്കി നിൽക്കുന്ന തുകകളുടെ (60384-TSC, 437856-ICDS) കൃത്യത ഉറപ്പാക്കാനായില്ല.
12. തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
13. ഐ.എ.വൈ തിരിച്ചടവ് തുകകൾ തെറ്റായി RP.4 – ൽ പിഴപലിശ എന്നയിനമായി ഉൾപ്പെടുത്തിയിരിക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-ALP/BP.167/2020

Kerala State Audit Department,

District Audit Office, Alappuzha.

Date: 28.02.2020

# *AUDIT CERTIFICATE*

Certified that I have examined the Annual Financial Statement of Muthukulam Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/LSGD dated 22.05.2018

In my opinion, the Annual Financial Statement of Muthukulam Block Panchayat for the year 2018-19 subject to the observations in the Annexure properly presents the picture of income, expenditure and closing balance.

Senior Deputy Director

Kerala State Audit Department

District Audit Office,Alappuzha

# <u>അനുബന്ധം.2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ